## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2200 07/07/2015-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്ഷേമ വകുപ്പിനെ സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് സർക്കാരിലെ പി&എ.ആർ.ഡി മുഖേന വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ വർദ്ധിച്ചുവരുന്ന ജോലിഭാരം, വിവിധ നിയമസഭാ കമ്മിറ്റികളുടെ ശുപാർശകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യപ്രകാരം 2010 ൽ വർക്ക് സ്റ്റഡി നടത്തുകയും ആയതിന്റെ റിപ്പോർട്ട് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ താഴെ പറയും പ്രകാരമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br>1. ഇടുക്കി ജില്ലയിൽ അടിമാലി കേന്ദ്രീകരിച്ച് ഒരു ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് സ്ഥാപിക്കുക.<br>2. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലായി 5 ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ.<br>3. വകുപ്പിന് കീഴിലുള്ള 48 ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർക്കും ശുപാർശ ചെയ്തിട്ടുള്ള ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർക്കുമായി ഓരോ ക്ലാർക്ക് തസ്തികകൾ.<br>4. പ്രീമെട്രിക് ഹോസ്റ്റലുകളിൽ അധികമായി വാർഡൻ, വാച്ച്മാൻ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിക്കുക |
| (ബി) | പ്രസ്തുത വർക്ക് സ്റ്റഡി നടപ്പിലാക്കിയിട്ടുണ്ടോ; എന്നാണ് പ്രസ്തുത വർക്ക് സ്റ്റഡി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്; ആയത് നടപ്പിലാക്കുവാൻ കാലതാമസം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | 9-11-2010-ൽ സമർപ്പിച്ച ടി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ